**<u>ഭരണഭാഷ- മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ : ecostatdir@gmail.com

Website : www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : ശ്രീകുമാർ ബി.)**

വിഷയം :- ഡിഇഎസ് – വിജിലൻസ് – ശ്രീ.സജീവ് എം.ജി, ഡ്രൈവർ ഗ്രേഡ്-II – അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് -അച്ചടക്കനടപടി - സേവനത്തിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. 30/03/2009 ജി.ഒ (ആർ.ടി) നം.135/2009/ആ.സാ.വ നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 04/07/2014 ലെ ഇബി(3) 18439/2014/ഡിഇഎസ് നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 19/06/2019 ലെ ഇബി(3) 9086/2019/ഡിഇഎസ് നമ്പർ ഉത്തരവ്.
4. പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറുടെ 11/12/2024 ലെ ESPTA/594/2024-A1 നമ്പർ കത്ത്.
5. പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറുടെ 04/01/2025 ലെ ESPTA/594/2024-A1 നമ്പർ കത്ത്.
6. ഈ ഓഫീസിലെ 22/02/2024 ലെ ഇതേ നമ്പർ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
7. 24/03/2025 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടിസ്.
8. 30/12/2020 ലെ നം.83/2020/ധന സർക്കുലർ.

**<u>ഉത്തരവ് നമ്പർ:DES/490/2025-VIG തീയതി: 02-05-2025</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പത്തനംതിട്ട ജില്ലാ ഓഫീസിലെ ഡ്രൈവർ ഗ്രേഡ്-2 ആയ ശ്രീ.സജീവ് എം.ജി-യ്ക്ക് പരാമർശം (1) പ്രകാരം വിദേശത്ത് ജോലി നേടുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചുത്തരവായിട്ടുള്ളതും ആയത് പ്രകാരം 07/07/2009 FN മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പരാമർശം (2) ഉത്തരവ് പ്രകാരം 07/07/2014 മുതൽ 5 വർഷത്തേക്കും പരാമർശം (3) ഉത്തരവ് പ്രകാരം 07/07/2019 മുതൽ വീണ്ടും 5 വർഷത്തേക്കും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ്

നൽകിയിരുന്നു. പരാമർശം (3) ഉത്തരവ് പ്രകാരമുള്ള ശൂന്യവേതനാവധി 06/07/2024 അപരാഹ്നം അവസാനിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാൻ അവധി കഴിഞ്ഞ് ജോലിയ്ക്ക് ഹാജരാകുകയോ അവധി നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ടിയാൻ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന്റെ കാരണം രേഖാമൂലം അറിയിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം അച്ചടക്കനടപടിയ്ക്ക് ശിപാർശ ചെയ്യുന്നതാണെന്നും പരാമർശം (4) പ്രകാരം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ അറിയിച്ചിരുന്നു. ടി അറിയിപ്പ് സംബന്ധിച്ച കത്ത് ടിയാൻ കൈപ്പറ്റിയെങ്കിലും കത്തിൽ പരാമർശിച്ചിരുന്ന കാലയളവിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. മേൽ വിവരങ്ങൾ പരാമർശം (5) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കാതെയും ജോലിക്ക് ഹാജരാകാത്തതിനുള്ള കാരണം ബോധിപ്പിക്കാതെയും അനധികൃതമായി അവധിയിൽ തുടരുന്നത്, ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവുമാണ്. ടി സാഹചര്യത്തിൽ വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന് പരാമർശം (6) പ്രകാരം കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും കൈപ്പറ്റിയിരുന്നുവെങ്കിലും നാളിതുവരെ ആയതിന് എതിർവാദ പത്രിക സമർപ്പിച്ചിട്ടില്ല. തുടർന്ന് ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച വിവരം അറിയിച്ചുകൊണ്ടും ടി തീരുമാനം നടപ്പിലാക്കാതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കുവാനും അറിയിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് രജിസ്ട്രേഡ് തപാൽ മുഖേന നൽകിയിരുന്നു. ആയത് ടിയാൻ കൈപ്പറ്റിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ശ്രീ.സജീവ് എം.ജി-യെ 1960 ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിലെ റൂൾ 11 (vii) പ്രകാരവും കെ.എസ്.ആർ ഭാഗം-I അനുബന്ധം XII-A ചട്ടം 9 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി എടുത്ത തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെ 07/07/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
DIRECTOR
Sreekumar B
Date: 02-05-2025 20:11:48

ശ്രീ.സജീവ് എം.ജി, മുരിക്കിന്നത്തുശേരിൽ ഹൗസ്, മുറിഞ്ഞക്കൽ പി ഒ,
കൂടൽ, പത്തനംതിട്ട

പകർപ്പ് :

1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, പത്തനംതിട്ട
2. സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ജീവനക്കാര്യം)- തുടർനടപടികൾക്കായി ടിയാന്റെ സേവനപുസ്തകം ഇതോടൊപ്പം നൽകുന്നു.
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഗ്രഡേഷൻ
5. ഫയൽ / കരുതൽ ഫയൽ